അൻപതു പേർക്കും വീതം ഇരിക്കാവുന്ന രണ്ട് ക്ലാസ് മുറികളും സജ്ജമാക്കിയിട്ടുണ്ട്. കയറും അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട വിപുലമായ ഒരു ലൈബ്രറിയും സജ്ജമാക്കിയിട്ടുണ്ട്. ആധുനിക രീതിയിലുള്ള പഠനോപാധികളും എൻ.സി.ആർ.എം.ഐ.യിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പരിശീലനാർത്ഥികളുടെ താമസ സൗകര്യത്തിനായി നാൽപത് പേർക്ക് താമസിക്കുന്നതിനുള്ള ട്രെയിനിംഗ് ഹോസ്റ്റൽ/ഗസ്റ്റ് ഹൗസ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

നെല്യാടി കയർ വ്യവസായ സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക

35 (5440) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്യാടി കയർ വ്യവസായ സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിനു വേണ്ടി നായനാർ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും ധനസഹായം അനുവദിച്ചിരുന്നോ എന്നും ആയത് പ്രസ്തുത സംഘം കൈപ്പറ്റിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഖ്യ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് ചെലവഴിച്ചതിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടോ ;

(സി) ഈ സംഖ്യ സംഘം ഉപയോഗപ്പെടുത്തിയിട്ടില്ലെങ്കിൽ അത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സംഘത്തിന്റെ മുൻകാല പ്രവർത്തനത്തെപ്പറ്റി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെല്ല്യാടി കയർ വ്യവസായ സഹകരണ സംഘത്തിന്റെ പുരുദ്ധാരണത്തിനായി ബഹു. നായനാർ സർക്കാരിന്റെ കാലത്ത് 50,000 രൂപ റിവൈവൽ ഗ്രാന്റായും 50,000 രൂപ ലോണായും അനുവദിക്കുകയും ആയത് സംഘം കൈപ്പറ്റി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംഖ്യയുടെ വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ട്.

(സി) ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ സംഘത്തിന്റെ മുൻകാല പ്രവർത്തനത്തെപ്പറ്റി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കയർജിയോ ടെക്സ്റ്റയിൽസിന്റെ സാധ്യതകൾ

36 (5441) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. യു. സി. രാമൻ:
ശ്രീ. പി. കെ. അബ്ദുറബ്ബ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിവർഷം എന്ത് വിലയ്ക്കുള്ള കയറും കയറുല്പന്നങ്ങളും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നു. ഇതിൽ സംസ്ഥാനത്തും വിദേശത്തുമായി എത്ര രൂപയുടെ വിപണനം നടക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly